(ജി) ഗ്രാമപ്രദേശങ്ങൾക്ക് അനുയോജ്യമായിട്ടുള്ള കെട്ടിടനിർമ്മാണ ചട്ടങ്ങൾക്ക് രൂപം നൽകുന്നതിന് വിവിധ തലങ്ങളിലുള്ള ചർച്ചകളും പഠനങ്ങളും ആവശ്യമാണ്. ഇത് ഇപ്പോൾ നടന്നുവരുകയാണ്. താമസിയാതെതന്നെ പഞ്ചായത്തുകളിൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രസിദ്ധീകരിക്കുന്നതാണ്.

കെട്ടിട നികുതിയിൽനിന്നും ഒഴിവാക്കിയിട്ടുള്ള സ്ഥാപനങ്ങൾ

33 [1719] *ശ്രീ. മഞ്ഞളാംകുഴി അലി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന പിരിച്ചെടുക്കുന്ന കെട്ടിട നികുതിയിൽനിന്ന് ഏതെല്ലാം സ്ഥാപനങ്ങളെയാണ് ഒഴിവാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള കെട്ടിടങ്ങൾക്കും നികുതിയിളവ് പ്രഖ്യാപിച്ച് എന്തെങ്കിലും ഉത്തരവ് പുറത്തിറങ്ങിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) സ്വകാര്യ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികൾക്ക് കെട്ടിട നികുതി ഒഴിവാക്കികൊടുക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമം 207-ാം വകുപ്പ് ഉപവകുപ്പ് (1) പ്രകാരവും 200-ാം വകുപ്പ് പ്രകാരവും ചുമത്താവുന്ന നികുതിയിലോ ഉപനികുതിയിലോ കരത്തിലോ താഴെപ്പറയുന്ന സ്ഥാപനങ്ങളെ നികുതിയിൽ നിന്നും ഒഴിവാക്കപ്പെടുന്നു.

1. പൊതു ആരാധനയ്ക്കായി നീക്കിവച്ചിട്ടുള്ളതും, ഒന്നുകിൽ യഥാർത്ഥത്തിൽ അപ്രകാരം ഉപയോഗിക്കുന്നതും, അല്ലെങ്കിൽ മറ്റു യാതൊരാവശ്യത്തിനും ഉപയോഗിക്കാത്തതുമായ സ്ഥലങ്ങൾ.

2. താമസിക്കുന്നതിന് യാതൊരു വാടകയും ചുമത്താത്ത സത്രങ്ങളും, ചുമത്തുന്ന വാടക ധാർമ്മിക കാര്യങ്ങൾക്കായി മാത്രം ഉപയോഗപ്പെടുത്തുന്ന സത്രങ്ങളും.

3. സർക്കാർ അംഗീകരിച്ചിട്ടുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ, ഉടമസ്ഥതയിലും, ഉപയോഗത്തിലുമുള്ള ഹോസ്റ്റലുകൾ ഉൾപ്പെടെയുള്ള കെട്ടിടങ്ങളും അഗതികൾക്കും, മൃഗങ്ങൾക്കും അഭയം നൽകുന്ന ധാർമ്മിക

LIBRARY ARCHIVES Kerala Legislative Assembly

കാര്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്ന പൊതു കെട്ടിടങ്ങളും പൊതുജനങ്ങൾക്ക് പ്രവേശിക്കാവുന്ന ഗ്രന്ഥശാലകളും കളിസ്ഥലങ്ങളും.

4. പ്രാചീന സ്മാരകങ്ങൾ സംരക്ഷിക്കുന്നത് സംബന്ധിച്ച് തൽസമയം നിലവിലിരിക്കുന്ന നിയമപ്രകാരം സംരക്ഷിക്കപ്പെട്ടുപോരുന്ന പ്രാചീന സ്മാരകങ്ങളും വാസഗൃഹങ്ങളായോ പൊതുആഫീസുകളായോ ഉപയോഗിക്കപ്പെടാത്ത അവയുടെ ഭാഗങ്ങളും.

5. ശവം അടക്കുകയും ദഹിപ്പിക്കുകയും ചെയ്യുന്ന സ്ഥലങ്ങൾ.

6. പഞ്ചായത്തുവക കെട്ടിടവും ഭൂമിയും.

7. മൺഭിത്തിയോട് കൂടിയതോ, ഓലയോ ഏതെങ്കിലും ഭാരം കുറഞ്ഞ ഷീറ്റോ മേഞ്ഞ മേൽക്കൂരയോട് കൂടിയതോ ആയതും, തറ വിസ്തീർണ്ണം 20 ചതുരശ്രമീറ്റർ കുറവായതുമായ കെട്ടിടം.

8. സാമ്പത്തികമായി ദുർബല വിഭാഗത്തിൽപ്പെട്ട ഒരാൾ സർക്കാർ സബ്സിഡി ഉപയോഗിച്ച് നിർമ്മിച്ചതും തറ വിസ്തീർണ്ണം 20 ചതുരശ്രമീറ്റർ കുറവായതുമായ വാസഗൃഹം.

കൂടാതെ കേരള പഞ്ചായത്ത്രാജ് നിയമത്തിലെ 207-ാം വകുപ്പു 2-ാം ഉപവകുപ്പ് പ്രകാരം സർക്കാരിനും സർക്കാരിന്റെ അനുവാദത്തോടുകൂടി ഗ്രാമപഞ്ചായത്തിനും ഏതുവിഭാഗത്തിൽപ്പെട്ട ആളുകളെയും ഒഴിവാക്കുന്നതിന് വ്യവസ്ഥയുണ്ട്.

(ബി) ഉണ്ട്. 12-7-2004-ലെ സ.ഉ.(സാധാ.) നമ്പർ. 2425/04/തസ്വഭവ പ്രകാരം സംസ്ഥാനത്തെ പഞ്ചായത്ത് പ്രദേശങ്ങളിലെ എല്ലാ സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. സ്കൂളുകളുടെയും വിദ്യാഭ്യാസത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങളേയും പഞ്ചായത്ത് രാജ് 207(2) വകുപ്പുപ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടുണ്ട്.

(സി) ആലോചിച്ചിട്ടില്ല.

പഞ്ചായത്തുകൾക്ക് പ്രത്യേക അക്കൗണ്ടിംഗ് സംവിധാനം

34 [1720] *ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമം സെക്ഷൻ 254 (2) (XXXVI) അനുശാസിക്കുംവിധം അക്കൗണ്ടിംഗ് സംബന്ധിച്ച ചട്ടങ്ങൾ രൂപപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ മേൽനിയമം സെക്ഷൻ 284 (2) (L) (i) പ്രകാരം 1965-ലെ കേരള പഞ്ചായത്ത് അക്കൗണ്ടിംഗ് ചട്ടങ്ങൾക്ക് ഇപ്പോഴും നിയമസാധ്യതയുണ്ടോ എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly